**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5485** **24-03-2025 - ൽ മറുപടിയ്ക്ക്**

**ന്യൂ കട്ട് ജലസേചന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ കീരനല്ലൂർ ന്യൂ കട്ട് പുഴയിൽ പാലത്തിങ്ങൽ മുതൽ ന്യൂ കട്ട് വരെ പുഴയ്ക്ക് ആഴം കൂട്ടി സൈഡ് കെട്ടി ജലം സംരക്ഷിക്കുന്നതിനായുള്ള ന്യൂ കട്ട് ജലസേചന പദ്ധതിയുടെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2022-23-ലെ വർക്ക് ബജറ്റിൽ ന്യൂ കട്ട് വാട്ടർ സ്റ്റോറേജ് സ്കീം എന്ന പദ്ധതിക്ക് ടോക്കൺ പ്രൊവിഷൻ ജലസേചന വകുപ്പിന് വകയിരുത്തിയിരുന്നു. നിലവിലുള്ള ന്യൂകട്ട് റഗുലേറ്റർ, ലോക്ക് കം റഗുലേറ്റർ ആയി പുതുക്കി പണിയുക, ന്യൂകട്ട് കനാൽ, കീരാനെല്ലൂർ പുഴ എന്നിവിടങ്ങളിൽ അടിഞ്ഞു കൂടിയ ചെളി മാറ്റി ആഴം വർദ്ധിപ്പിക്കുക, പാർശ്വഭാഗങ്ങൾ സംരക്ഷിക്കുക എന്നിവ ഉൾപ്പെടുന്നതാണ് മേൽ പ്രോജക്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്നും പദ്ധതി നടപ്പിലാക്കുന്നതിനായി ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്നും വിശദമാക്കാമോ; | (ബി) | **ന്യൂകട്ട് പുഴയിൽ നിലവിലുള്ള റഗുലേറ്റർ ദേശീയ ജലപാത മാനദണ്ഡങ്ങൾക്കനുസരിച്ച് ലോക്കം കം റഗുലേറ്ററായി പുതുക്കി പണിയുന്നതിനുള്ള മണ്ണ് പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ റൂം ഫോർ റിവർ പദ്ധതിയുടെ ഭാഗമായി ന്യൂകട്ട് കനാലിൽ 2022-ൽ ഡീസിൽറ്റേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിങ്ങൽ മുതൽ ന്യൂകട്ട് വരെയുള്ള ഭാഗങ്ങളിൽ കീരാനെല്ലൂർ പുഴയുടെ വലതുകരയിൽ ചുട്ട്പെട്ടി ഭാഗത്ത് 104 മീറ്റർ നീളത്തിൽ കരകെട്ടി സംരക്ഷിച്ചിട്ടുണ്ട്. അപകടവസ്ഥയിലുള്ള ഭാഗങ്ങളിൽ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**ന്യൂകട്ട് റെഗുലേറ്ററിന് പകരം ലോക്ക് കം റഗുലേറ്റർ നിർമ്മിക്കുന്നതും, കീരാനെല്ലൂർ പുഴയിൽ അടിഞ്ഞുകൂടിയ ചെളി മാറ്റി ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും പാർശ്വഭാഗങ്ങൾ സംരക്ഷിക്കുന്ന പ്രവൃത്തിയും നടപ്പിലാക്കാനുണ്ട്.** |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ മലപ്പുറം ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങൾക്ക് ഉപകാരപ്പെടുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | പരപ്പനങ്ങാടി മുനിസിപ്പാലിറ്റി, തിരൂരങ്ങാടി മുനിസിപ്പാലിറ്റി, നന്നമ്പ്ര ഗ്രാമപഞ്ചായത്ത്, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഉപകാരപ്രദമാകും. |

സെക്ഷൻ ഓഫീസർ